യാത്ര ●
ടി.കെ.എം ഇഖ്ബാൽ

### യുഗപരിവർത്തനങ്ങളുടെ ചരിത്രഭൂമിയിലൂടെ-2

# പ്രവാചകനഗരിയിൽ

**പെയ്തൊഴിഞ്ഞ മാനം പോലെ മനസ്സ്. എല്ലാ ഭാരങ്ങളും ഇറക്കി വെച്ച പ്രതീതി. നനവാർന്ന മിഴികളോടെ റൗളാശരീഫിനെ ഒന്നു കൂടി നോക്കി പതുക്കെ പള്ളിയിലേക്ക് തിരിഞ്ഞുനടന്നു. ജുമുഅക്കും സിയാറത്തിനുമായി ആളുകൾ വന്നുകൊണ്ടിരിക്കുന്നു. പള്ളിയുടെ ഓരോ കോണിലും പ്രാർഥനയും ഖുർആൻ പാരായണവുമായി കഴിയുന്ന ഭക്തന്മാർ.**

**മദീനയിലേക്ക്** പുറപ്പെടാൻ ഒരുങ്ങുകയാണ്. നാളത്തെ ജുമുഅ നബിയുടെ പള്ളിയിൽ നിർവഹിക്കണം. ജിദ്ദയിൽനിന്ന് എല്ലാ വ്യാഴവും വെള്ളിയും മദീനയിലേക്ക് സിയാറത്ത് സംഘടിപ്പിക്കുന്ന ധാരാളം ടൂർ ഓപറേറ്റർമാരുണ്ട്. രാത്രിയാണ് മദീനയിലേക്ക് തിരിച്ചത്. നരച്ച ആകാശത്തിനു കീഴെ അനന്തമായി പരന്നുകിടക്കുന്ന മരുഭൂമിയും ആ അനന്തതക്ക് അപൂർവ ചാരുതയേറ്റുന്ന മലനിരകളുടെ മങ്ങിയ കാഴ്ചയുമല്ലാതെ ആ രാത്രിയാനത്തിന് മറ്റൊന്നും കൂട്ടില്ലായിരുന്നു. ബദ്റിലൂടെയാണ് ബസ് കടന്നുപോയത്. ഇസ്‌ലാമിക ചരിത്രത്തിലെ നിർണായകമായ ആദ്യ യുദ്ധം നടന്ന സ്ഥലത്ത് ഇന്ന് ഒരു ചെറിയ പട്ടണം നിൽക്കുന്നു. രാത്രിയായതുകൊണ്ട് ഒന്നും വ്യക്തമായി കാണാൻ കഴിഞ്ഞില്ല.

പ്രവാചകൻ മദീനയിൽ എത്തിയതിനുശേഷം ആദ്യമായി പണിത മസ്ജിദു ഖുബായുടെ മുന്നിൽ ബസ് നിന്നു. പഴയ പള്ളി പൂർണമായും മാറ്റിപ്പണിതിരിക്കുന്നു. വലുതും മനോഹരവുമായ ഒരു പള്ളിയാണ് ഇപ്പോഴവിടെ. എല്ലാവരും അവിടെ ഇറങ്ങി രണ്ട് റക്അത്ത് നമസ്കരിച്ചു. പിന്നെ മസ്ജിദുന്നബവിയിലേക്ക്. സുബ്ഹി നമസ്കാരത്തിന് അവിടെ എത്തണം. മദീനയുടെ വെടിപ്പും വിശാലതയുമുള്ള വീഥികളിലൂടെ ബസ് കടന്നുപോയി. പ്രവാചകന്നും അനുയായികൾക്കും അഭയമേകിയ മദീന ഇന്ന് ഒരു വൻനഗരിയായി വളർന്നിരിക്കുന്നു. മക്കയിൽനിന്ന് തീർത്തും ഭിന്നമായ ഭൂപ്രകൃതി. പരന്നുകിടക്കുന്ന താഴ്‌വര പോലെ നഗരം. പശ്ചാത്തലത്തിൽ മലനിരകൾ. കൂറ്റൻ കെട്ടിടങ്ങളിൽ ഏറെയും സന്ദർശകർക്ക് ആതിഥ്യം അരുളുന്ന ഫൈവ് സ്റ്റാർ ഹോട്ടലുകളാണ്. വിശാലമായ രാജപാതകൾ പിന്നിട്ട് ബസ് മസ്ജിദുന്നബവിയുടെ സമീപത്തുള്ള ജംഗ്ഷനിൽനിന്നു. വൈദ്യുത ശോഭയിൽ ജ്വലിച്ചുനിൽക്കുന്ന പള്ളിയുടെ മിനാരങ്ങൾ ദൂരെനിന്നു തന്നെ കാണാം. സുഊദിയുടെ മറ്റേത് നഗരിയേക്കാളും വൃത്തിയും വെടിപ്പും ഉണ്ട് മദീനയുടെ തെരുവോരങ്ങൾക്ക്. വലിയ നഗരിയാണെങ്കിലും അസാധാരണമായ ഒരു ശാന്തത. പള്ളിയോടടുക്കുംതോറും ഇത് കൂടുതൽ അനുഭവവേദ്യമാവും. മക്കയിൽ കാണുന്ന തിക്കുംതിരക്കും മദീനയിൽ അനുഭവപ്പെടുകയില്ല. സങ്കൽപങ്ങളേക്കാൾ വിശാലമായിരുന്നു പള്ളിയും അതിന്റെ ചുറ്റങ്കണവും. അനേകം കുംഭഗോപുരങ്ങൾക്ക് താഴെ പള്ളിയുടെ പ്രധാന കവാടങ്ങൾ കടന്നാൽ ഏറ്റവും മുന്തിയ മാർബിൾ കൊണ്ടലങ്കരിച്ച സ്തംഭങ്ങളുടെയും കമാനങ്ങളുടെയും വിശാലമായ ഒരു ലോകമാണ്. നമസ്കാരത്തിനും സിയാറത്തിനുമെത്തിയ വിശ്വാസികളുടെ അനന്തമായ നിര. സ്വഫ്ഫുകളിൽ ഒന്നിൽ ഞങ്ങളും ഇടം കണ്ടെത്തി. പള്ളിയുടെ അകത്തും പുറത്തും ഒഴുകി നടക്കുന്ന ജനം. സ്ത്രീകളും പുരുഷന്മാരും കുട്ടികളും വൃദ്ധന്മാരും രോഗികളും പിച്ചക്കാരും എല്ലാവരുമുണ്ട്.

പുറത്ത് ബസ് ഞങ്ങളെ കാത്തുനിൽക്കുന്നു. സുബ്ഹി നമസ്കാരം കഴിഞ്ഞ ഉടനെ മദീനയിലെ പ്രധാന സ്ഥലങ്ങൾ കാണാൻ പോകണമെന്നാണ് തീരുമാനം. നഗരാതിർത്തികൾ കടന്ന് ബസ് ഉഹുദിലേക്ക് നീങ്ങി. നേരം പുലരുന്നേയുള്ളൂ. മലയുടെ താഴ്‌വാരത്തിലാണ് ഞങ്ങളിപ്പോൾ. മലക്ക് അഭിമുഖമായി ഒരു ചെറിയ കുന്നുകാണാം. അതിന്റെ മുകളിലാണ് ഉഹുദുയുദ്ധത്തിൽ ഒരു കൂട്ടം വില്ലാളിവീരന്മാരെ നബി കാവൽനിർത്തിയതും യുദ്ധം മുസ്‌ലിംകൾക്ക് അനുകൂലമാണെന്ന് കണ്ടപ്പോൾ വിജയാഹ്ലാദത്തിൽ പങ്കുചേരാനായി അവരിൽ മിക്കപേരും മല ഇറങ്ങിയതും. യുദ്ധക്കളം വിട്ടോടുന്ന ശത്രുക്കൾ ഒഴിഞ്ഞുകിടക്കുന്ന കുന്നു കണ്ട് അതിലൂടെ

ഒളിച്ചുകടന്ന് മുസ്‌ലിംകൾക്ക് നേരെ ശക്തമായ ആക്രമണം നടത്തി. മുസ്‌ലിംകൾക്ക് കനത്ത തിരിച്ചടിയേറ്റ ആ ഏറ്റുമുട്ടലിൽ ഹംസ(റ) അടക്കം വിഖ്യാതരായ നിരവധി സ്വഹാബികൾ രക്തസാക്ഷികളായി. പുലർവെളിച്ചത്തിൽ കുന്നിൻചരിവ് നോക്കിനിന്നപ്പോൾ ആ ചരിത്രസംഭവങ്ങൾ മനസ്സിലൂടെ മിന്നിമറഞ്ഞു. കുതിരക്കുളമ്പടി നാദവും യുദ്ധത്തിന്റെ ആർപ്പുവിളികളും കാതിൽ വന്നലക്കുന്നപോലെ. തൊട്ടടുത്തുതന്നെയാണ് ശുഹദാക്കളുടെ ഖബ്റുകൾ. അവിടം ഇരുമ്പുവേലി കെട്ടിസംരക്ഷിച്ചിരിക്കുന്നു. കാലം ഒരു മാറ്റവും ആ മണ്ണിൽ വരുത്തിയിട്ടില്ല. ഹംസ(റ)യുടെയും മുസ്അബി(റ)ന്റെയും ഖബ്റുകൾ പെട്ടെന്ന് തിരിച്ചറിയാം. മനസ്സും ചുണ്ടുകളും അറിയാതെ പ്രാർഥനയിലാണ്ടു. വിശ്വാസികളുടെ മനസ്സിൽ ഗൃഹാതുരത ഉണർത്തുന്ന ചരിത്ര പരിസരം. മനസ്സിനെ കുറേനേരം അവിടെ സ്വച്ഛമായി അലയാൻ വിട്ട് ഞങ്ങൾ ഉഹുദിനോട് വിടപറഞ്ഞു.

'മസ്ജിദുൽ ഖിബ്‌ലത്തയ്നി'യിലേക്കാണ് പിന്നീട് പോയത്. ഈ പള്ളി നിൽക്കുന്ന സ്ഥലം ഒരു മഹതിയുടെ വീടായിരുന്നു. അവിടെ നബി നമസ്കരിച്ചുകൊണ്ടിരിക്കെയാണ് ഖിബ്‌ലമാറ്റം അറിയിച്ചുകൊണ്ടുള്ള വഹ്‌യ് ഇറങ്ങിയത്. ബൈത്തുൽ മഖ്ദിസിന്റെ നേരെ തിരിഞ്ഞാണ് അതുവരെ മുസ്‌ലിംകൾ നമസ്കരിച്ചിരുന്നത്. നമസ്കാരത്തിൽ വെച്ചുതന്നെ നബി കഅ്ബയുടെ നേരെ തിരിഞ്ഞു. ആ സംഭവത്തിന്റെ സ്മാരകമാണ് രണ്ട് മിനാരങ്ങളോടുകൂടിയ ഈ പള്ളി. അവിടെനിന്ന് ഞങ്ങൾ ഖന്ദഖ് യുദ്ധം നടന്ന സ്ഥലത്തേക്ക് തിരിച്ചു. 'സബഅ് മസാജിദ്' എന്നാണ് ഇവിടം ഇപ്പോൾ അറിയപ്പെടുന്നത്. ഏഴു പഴയ പള്ളികൾ ഇവിടെയുണ്ടായിരുന്നു. അവയിൽ മൂന്നെണ്ണം അതേപടി നിലനിൽക്കുന്നു. ബാക്കി നാലെണ്ണം പൊളിച്ചുകളഞ്ഞ് അവയുടെ സ്ഥാനത്ത് വലിയ ഒരു പള്ളി പണിതിരിക്കുന്നു. ഖന്ദഖ് ഉണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ റോഡാണ്. സൽമാനുൽ ഫാരിസിയുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് നബിയും സ്വഹാബികളും വയറ്റത്ത് കല്ലുകെട്ടി പട്ടിണികിടന്ന് കുഴിച്ച കിടങ്ങ്. റോഡിന്റെ ഒരു വശത്ത് പള്ളികൾ സ്ഥിതി ചെയ്യുന്ന ഭാഗത്താണ് മുസ്‌ലിം സൈന്യം നിലയുറപ്പിച്ചത്. മസ്ജിദു സൽമാനുൽ ഫാരിസി എന്ന് ഒരു പള്ളിയുടെ ചുമരിൽ ആരോ അറബിയിൽ എഴുതിവെച്ചിരിക്കുന്നു. കുന്നിൻമുകളിലുള്ള പള്ളിയാണ് മസ്ജിദുൽ ഫത്ഹ്. കൂടെയുള്ളവർ പറഞ്ഞുതരുന്ന വിവരങ്ങളല്ലാതെ ഇക്കാര്യങ്ങളൊന്നും മനസ്സിലാക്കാൻ സന്ദർശകനെ സഹായിക്കുന്ന ഒരു സംവിധാനവും ഇവിടെയൊന്നും ഒരുക്കിയിട്ടില്ല.

ഞങ്ങൾ മസ്ജിദുന്നബവിയിലേക്ക് തിരിച്ചു. ജുമുഅ നമസ്കാരത്തിന് ഇനിയും ധാരാളം സമയം ബാക്കിയുണ്ട്. പള്ളിയിൽ തിരക്കേറുന്നതിനു മുമ്പ് റൗളാശരീഫ് സന്ദർശിക്കണം. പച്ചനിറത്തിൽ കാണുന്ന വലിയ ഖുബ്ബയുടെ താഴെയാണ് റൗളാശരീഫ്. ഖുർആൻ ഹദീസ് സൂക്തങ്ങൾ കൊണ്ട് ആ ഭാഗം അലങ്കരിച്ചിരിക്കുന്നു. ഖബ്റുകൾ ഒന്നും തന്നെ പുറമേക്ക് ദൃശ്യമല്ല. മുഹമ്മദ്, അബൂബക്കർ, ഉമർ എന്നിങ്ങനെ അടയാളപ്പെടുത്തിയ മൂന്ന് തുളകൾ കാണാം. അതിന്റെ മുമ്പിൽ സ്റ്റീലുകൊണ്ടുള്ള ഉയരം കുറഞ്ഞ വേലി ഉണ്ട്. സിയാറത്തിന് വരുന്നവർ വരിയായി അതിനരികിലൂടെ കടന്നുപോകണം. ഖബ്റുകളുടെ മുന്നിൽ കൂട്ടംകൂടി നിൽക്കാനോ വികാരപ്രകടനങ്ങൾ നടത്താനോ അനുവാദമില്ല. തൊട്ടടുത്തുള്ള മിമ്പറിനു മുന്നിൽ ജനം തടിച്ചുകൂടിയിരിക്കുന്നു. 'എനിക്കും എന്റെ മിമ്പറിനുമിടയിൽ സ്വർഗത്തിൽനിന്നുള്ള ഒരു തോട്ടമുണ്ട്' എന്ന നബിവചനം എഴുതിവെച്ചിട്ടുണ്ടവിടെ. നിന്നും ഇരുന്നും സാഷ്ടാംഗത്തിൽ വീണും ഉള്ളുരുകി പ്രാർഥിക്കുന്നവരുടെ മൗനമായ തേങ്ങലുകൾ! കണ്ണീർ അണിയാതെ ഒരു വിശ്വാസിക്കും നിൽക്കാൻ കഴിയില്ല ഈ പരിസരത്ത്. പ്രവാചകന്റെ സവിധത്തിൽ എത്തിച്ചേർന്ന അനുഭൂതി. സങ്കടങ്ങൾ ഒന്നൊന്നായി അല്ലാഹുവിന്റെ മുമ്പിൽ ഇറക്കിവെച്ചു പ്രാർഥനയിൽ മുഴുകുന്ന നിമിഷങ്ങൾ. മസ്ജിദുൽ ഹറാമിൽ കഅ്ബയുടെ മുന്നിൽ നിൽക്കുമ്പോൾ മാത്രമാണ് ഇതുപോലെ ഒരനുഭവം ഉണ്ടാവുന്നത്.

എത്രനേരം അവിടെ ചെലവഴിച്ചു എന്നറിയില്ല. പെയ്തൊഴിഞ്ഞ മാനം പോലെ മനസ്സ്. എല്ലാ ഭാരങ്ങളും ഇറക്കിവെച്ച പ്രതീതി. നനവാർന്ന മിഴികളോടെ റൗളാശരീഫിനെ ഒന്നുകൂടി നോക്കി പതുക്കെ പള്ളിയിലേക്ക് തിരിഞ്ഞുനടന്നു. ജുമുഅക്കും സിയാറത്തിനുമായി ആളുകൾ വന്നുകൊണ്ടിരിക്കുന്നു. പള്ളിയുടെ ഓരോ കോണിലും പ്രാർഥനയും ഖുർആൻ പാരായണവുമായി കഴിയുന്ന ഭക്തന്മാർ. കിടന്നുറങ്ങുന്നവരുമുണ്ട് കൂട്ടത്തിൽ. തലേന്നത്തെ ഉറക്കം മുഴുവനായി ബാക്കിയുള്ളതുകൊണ്ട് വെളിച്ചം കുറഞ്ഞ ഒരു മൂലയിൽ അൽപനേരം തലചായ്ച്ചു. യാത്രയുടെ സംഘാടകർ ഒരു പഴയ ഹോട്ടൽ ഞങ്ങൾക്ക് പകൽവിശ്രമത്തിനൊരുക്കിയിരുന്നു. പക്ഷേ ഉള്ള സമയം പള്ളിയിൽതന്നെ ചെലവഴിക്കാനാണ് ഞങ്ങൾ ഇഷ്ടപ്പെട്ടത്. ഇവിടെ വന്നാൽ പിന്നെ വിട്ടുപോവാൻ തോന്നില്ല, ആർക്കും. ആത്മീയ പരിസരം പോലെതന്നെ ആകർഷകമാണ് ഭൗതിക പരിസരവും.

ജുമുഅ കഴിഞ്ഞ് ജനം പിരിഞ്ഞു. അപരാഹ്ന സൂര്യന്റെ വെളിച്ചത്തിൽ ജ്വലിച്ചു നിൽക്കുന്ന മദീനാനഗരം. ഭക്ഷണവും ഒരൽപം വിശ്രമവും കഴിഞ്ഞ് അസ്വർ നമസ്കാരത്തിന് വീണ്ടും പള്ളിയിലേക്ക് തിരിച്ചു. ഉസ്മാൻ(റ)വിന്റെ ഖബ്ർ സ്ഥിതി ചെയ്യുന്ന 'ജന്നത്തുൽ ബഖീഅ്' കാണാൻ ആഗ്രഹം ഉണ്ടായിരുന്നെങ്കിലും ആൾത്തിരക്ക് കാരണം വേണ്ടെന്നുവെച്ചു. അസ്വർ കഴിഞ്ഞ് പള്ളിയുടെ പരിസരത്തുള്ള അങ്ങാടിയിൽ വെറുതെ ചുറ്റിക്കറങ്ങി. പതിവ് വാണിഭ കാഴ്ചകൾ. ആളെ വിളിച്ചു കയറ്റുന്ന ടാക്സിക്കാരുടെ ആരവം. മനസ്സിൽ പഴയ മദീനയുടെ ഒരു ചിത്രം വരക്കാൻ ശ്രമിച്ചുനോക്കി. പടുകൂറ്റൻ കോൺക്രീറ്റ് സൗധങ്ങളിലുടക്കി ആ സങ്കൽപ ചിത്രം തകർന്നു വീണു. അകലെ മലനിരകളുടെ മങ്ങിയ കാഴ്ച മാത്രം അദമ്യമായ ഒരാനന്ദം മനസ്സിന് പകർന്നുനൽകി. മസ്ജിദുന്നബവിയുടെ മാർബിൾ വിരിച്ച മുറ്റത്ത് പോക്കുവെയിൽ വീണ് ചിതറുന്നു. മലനിരകൾക്കു പിറകിൽ സൂര്യൻ അപ്രത്യക്ഷമാവുന്നത് അലസമായി നോക്കിനിന്നു. പകലിലും രാത്രിയിലും മാറിമറിയുന്ന മദീനയുടെ ഭാവങ്ങൾ ഒപ്പിയെടുക്കാൻ വെമ്പുകയായിരുന്നു മനസ്സ്.

ഇശാ നമസ്കാരത്തിനു ശേഷം ഞങ്ങൾ മദീനയോടും മസ്ജിദുന്നബവിയോടും വിടപറഞ്ഞു. 'യാ നബീ സലാം അലൈകും........' പ്രവാചകനെ വരവേൽക്കാൻ പണ്ട് യസ്‌രിബുകാർ പാടിയ വരികൾ മൗനമായി ഉരുവിടുകയായിരുന്നു അപ്പോൾ മനസ്സ്.

## വീണ്ടും മക്കയിൽ

ഉറക്കം വഴിമാറിനിന്ന നാലു രാവുകൾക്കു ശേഷം ജിദ്ദയിലെത്തി ശാന്തമായി കിടന്നുറങ്ങി. നാളെ വീണ്ടും മക്കയിലേക്ക് തിരിക്കുകയാണ്. ഒരു ഉംറ കൂടി ചെയ്യണം. മക്കയിലെ പ്രധാന സ്ഥലങ്ങൾ സന്ദർശിക്കണം, ഹറമിൽ രാപ്പാർക്കണം.

ഇത്തവണ ബസ്സിലായിരുന്നു യാത്ര. ഹറമിലെത്തുമ്പോൾ ഉച്ചയായി. നേരെ ഉംറയിൽ പ്രവേശിച്ചു. നട്ടുച്ചയായിട്ടും ആളുകൾക്ക് കുറവില്ല. ഉംറയിൽനിന്ന് വിരമിക്കുമ്പോൾ അസ്വർ നമസ്കാരത്തിനു സമയമായിരുന്നു. മക്ക ചുറ്റിക്കാണൽ ഇനി നാളയേ നടക്കൂ. ജബലുന്നൂർ കയറി ഹിറാ ഗുഹ കാണുക ഞങ്ങളുടെ ഒരു വലിയ ആഗ്രഹമായിരുന്നു. സുബ്ഹ് കഴിഞ്ഞ ഉടൻ പുറപ്പെട്ടെങ്കിൽ മാത്രമേ ഇത് നടക്കൂ. സൂര്യൻ ഉദിച്ചുയരുന്നതിനു മുമ്പ് മല കയറി ഇറങ്ങണം.

ഒരു വാൻ വാടകക്കെടുത്ത് ജബലുന്നൂറിലേക്ക് പുറപ്പെട്ടു. നിമ്നോന്നതികൾ നിറഞ്ഞ മക്കയുടെ വീഥികൾ പിന്നിട്ട് മലയുടെ അടിവാരത്തെത്താൻ കാൽ മണിക്കൂറിലധികം സമയമെടുത്തു. ഞങ്ങൾക്കു മുന്നേ ധാരാളം പേർ അവിടെ എത്തിയിരുന്നു. അധികവും ഇറാനികളും പാകിസ്താനികളും. ഒന്നുരണ്ടു മലയാളി കുടുംബങ്ങളെയും കണ്ടു. ഞാൻ സങ്കൽപിച്ചതിനേക്കാൾ എത്രയോ ഉയരത്തിലായിരുന്നു ഹിറാ ഗുഹ. ഒന്നര കിലോമീറ്ററോളം നടന്നു കയറണം. ചെങ്കുത്തായ കയറ്റമല്ല. പലയിടത്തും പടവുകൾ ഉണ്ടാക്കിവെച്ചിട്ടുണ്ട്. മല മുകളിലേക്ക് ഓരോ ചുവടു വെക്കുമ്പോഴും ഞാനാലോചിക്കുകയായിരുന്നു, മസ്ജിദുൽ ഹറാമിൽനിന്ന് ജബലുന്നൂറിലേക്കുള്ള ഈ വഴിയത്രയും താണ്ടിയാണല്ലോ പ്രവാചകൻ ഇവിടെ ധ്യാനത്തിനെത്തിയത്. മക്കയുടെ താഴ്വാരങ്ങളിൽ ആട്ടിനെ മേച്ചുനടന്ന യുവാവായ മുഹമ്മദ് ആ അലച്ചിലിനിടയിൽ എപ്പോഴോ ആവണം, ചിന്താനിമഗ്നമായ തന്റെ മനസ്സിന് ആശ്വാസം കാണാൻ ഈ മലനിരകൾ കണ്ടെത്തിയത്. ഖുർആന്റെ വചനങ്ങൾ ആദ്യമായി ഏറ്റുവാങ്ങിയ ഗിരിസാനുക്കളുടെ മടിയിലാണല്ലോ നിൽക്കുന്നതെന്നോർത്തപ്പോൾ കോരിത്തരിച്ചുപോയി. ഞങ്ങളുടെ മുന്നിലും പിന്നിലുമായി ആവേശത്തോടെ മല കയറുന്ന സ്ത്രീകൾ, പണ്ട് പ്രവാചകന് ഭക്ഷണ പൊതിയുമായി ഹിറാ ഗുഹയിലേക്കു പോയ ഖദീജാബീവിയുടെ സ്മരണയുണർത്തി.

ഹിറയിലെത്തണമെങ്കിൽ മലയുടെ ഉച്ചിയിൽനിന്ന് താഴോട്ടിറങ്ങണം. പാറക്കെട്ടുകൾക്കിടയിലൂടെ നൂണ്ടിറങ്ങിയുള്ള ഒരൽപം സാഹസികമായ ഇറക്കം. വലിയ മൂന്ന് പാറക്കല്ലുകൾ ചേർന്നാണ് ഗുഹ രൂപപ്പെട്ടിരിക്കുന്നത്. ഉള്ളിൽ കഷ്ടിച്ച് ഒരാൾക്കു നിൽക്കാനുള്ള ഉയരമുണ്ട്.




മലകയറ്റം ഉദ്വേഗജനകമായ ഒരനുഭവം തന്നെയായിരുന്നു. ഞങ്ങളുടെ കൂട്ടത്തിലെ സ്ത്രീകളും കുട്ടികളും ഒട്ടൊരു വാശിയോടെയാണ് രണ്ട് മണിക്കൂറോളം നീണ്ട ആ ഉദ്യമം പൂർത്തിയാക്കിയത്. ഇടക്ക് തളർന്ന് പിന്മാറാനൊരുങ്ങിയ പലരും, അനായാസം മല കയറിപ്പോകുന്ന വൃദ്ധന്മാരെയും വൃദ്ധകളെയും കണ്ട് അവരിൽനിന്ന് ഊർജം ഉൾക്കൊണ്ട് കയറ്റം തുടർന്നു.

ഗുഹാമുഖത്ത് എത്തിയപ്പോൾ അവിടം ഭക്തന്മാർ പൊതിഞ്ഞിരിക്കുകയാണ്. നമസ്കരിക്കുകയും പ്രാർഥിക്കുകയും ഒക്കെ ചെയ്യുന്നുണ്ട് അതിനുള്ളിൽ. ഹിറാ ഗുഹ അടയാളപ്പെടുത്തുന്ന ഒരു സൈൻ ബോർഡ് പോലും അവിടെയെങ്ങും കണ്ടില്ല. ഗുഹയുടെ മുകളിൽ വലിയ അക്ഷരത്തിൽ ഉർദു ലിപിയിൽ അനാകർഷകമായി ആരോ ഹിറാ ഗുഹ എന്ന് എഴുതിവെച്ചിരിക്കുന്നു. ജബലുന്നൂറിന്റെ ഉച്ചിയിൽനിന്ന് നോക്കിയാൽ വിശാലമായി പരന്നുകിടക്കുന്ന മക്കാ നഗരി കാണാം. അതിനപ്പുറം, മരുഭൂമിയും മലനിരകളും അനന്തതയിൽ അലിഞ്ഞില്ലാതാവുന്ന അപൂർവ ദൃശ്യം. പ്രപഞ്ചം മുഴുവൻ മുന്നിൽ നിൽക്കുന്ന പ്രതീതി. മുഹമ്മദിന്റെ ധ്യാനനിമഗ്നമായ മനസ്സിന് ദൈവത്തിന്റെ സാന്നിധ്യം തൊട്ടറിയാൻ, ദൈവ വചനങ്ങൾ ഏറ്റുവാങ്ങാൻ ഇതിനേക്കാൾ അനുയോജ്യമായ പരിസരം വേറെ ഏതുണ്ട്?

മല കയറി ഇറങ്ങുമ്പോൾ സൂര്യൻ ഉദിച്ചുയർന്നിരുന്നു. സുഊദിക്കാരനായ ഡ്രൈവർ താഴെ അക്ഷമനായി കാത്തിരിക്കുന്നു. നേരെ ഹറമിലേക്ക് തിരിച്ചുപോകാനൊരുങ്ങിയ അയാൾ, ഏറെ നിർബന്ധിച്ചതിനു ശേഷമാണ് മറ്റു സ്ഥലങ്ങൾ കൂടി കാണിച്ചുതരാമെന്നേറ്റത്. മിനായിലും മുസ്ദലിഫയിലും അൽപനേരം ചെലവഴിച്ചു, അറഫയിൽ ജബലുർറഹ്മയുടെ പരിസരത്ത് എത്തിച്ചേർന്നു ഞങ്ങൾ. അവിടെ ഒരു ഉത്സവത്തിന്റെ പ്രതീതി. സന്ദർശകർക്ക് കയറാൻ അലങ്കരിച്ചു നിർത്തിയ ഒട്ടകങ്ങളും കളിക്കോപ്പുകളും മറ്റും വിൽക്കുന്ന കച്ചവടക്കാരുമൊക്കെയായി ആകെ ബഹളമയം. ജബലുർറഹ്മയുടെമുകളിൽ ഭക്തജനങ്ങളുടെ തിരക്ക്. പ്രവാചകന്റെ വിശ്വവിശ്രുതമായ വിടവാങ്ങൽ പ്രസംഗത്തിന് വേദിയായ കുന്ന്. ഭൂനിരപ്പിൽനിന്ന് അധികം ഉയരമില്ല അതിന്റെ ഉച്ചിയിലേക്ക്. ചുറ്റും പരന്നുകിടക്കുന്ന അറഫാ മൈതാനം. പശ്ചാത്തലത്തിൽ ഗിരിനിരകൾ. മക്ക ചുറ്റിക്കാണുന്ന ആർക്കും ഈ നഗരം ഹജ്ജിനു വേണ്ടിതന്നെ സൃഷ്ടിക്കപ്പെട്ടതാണോ എന്ന് തോന്നിപ്പോകും. മിനയിലും തിരക്കിട്ട നിർമാണം നടക്കുകയാണ്. അൽപനേരം അറഫയിൽ തങ്ങിയ ശേഷം ഞങ്ങൾ ഹറമിലേക്ക് മടങ്ങി. വഴിക്ക് സൗർ ഗുഹ സ്ഥിതി ചെയ്യുന്ന മലനിരകൾ ഡ്രൈവർ ഞങ്ങൾക്ക് കാണിച്ചുതന്നു. ഉച്ചക്കു മുമ്പ് മക്കയോട് വിടപറഞ്ഞു. ഇനിയും ഈ പുണ്യഭൂമിയിൽ കാലുകുത്താൻ സൗഭാഗ്യമുണ്ടാവണേ എന്ന പ്രാർഥനയോടെ. ■

(അവസാനിച്ചു)